**പതിനാലാം കേരള നിയമസഭ**
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1798 **15.07.2016**-ൽ മറുപടിക്ക്

**പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഭവന രഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3/- ലക്ഷം രൂപ വീതം അനുവദിക്കുന്നുണ്ട്. |
| (ബി) | സ്ഥലം വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും പ്രത്യേകം പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിന് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമ പ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും മുൻസിപ്പാലിറ്റി പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6/- ലക്ഷം രൂപയും നൽകുന്നുണ്ട്.<br>ഭൂമിയുള്ള പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി 3 ലക്ഷം രൂപ വീതം അനുവദിച്ചു വരുന്നു. |
| (സി) | ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അംഗീകൃത ഗ്രാമസഭ / വാർഡ് സഭാ ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു.<br>ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാകാത്ത സ്ഥലങ്ങളിൽ പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുന്നു. |

| | | | |
|---|---|---|---|
| | | | സ്വന്തമായ ഭൂമിയില്ലാത്തവരും ഭാര്യ / ഭർത്താവിന്റെ പേരിൽ സ്ഥലമില്ലാത്തവരും കുടുംബപരമായി ഭൂമി ലഭിക്കാനില്ലാത്തവരും കുടുംബവാർഷിക വരുമാനം 50,000 രൂപയിൽ താഴെയുള്ളവരെയുമാണ് ഭൂരഹിതപുനരധിവാസ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായോ കുടുംബപരമായോ ഭൂമിയില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഭൂമി ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നീ രേഖകൾ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിച്ചു വരുന്നു.<br>സ്വന്തമായി ഭൂമിയുള്ളവരും നിലവിൽ അപേക്ഷകനോ ഭാര്യയ്ക്കോ വാസയോഗ്യമായ വീടില്ലാത്തവരും 50,000/- രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികജാതിക്കാരെയാണ് ഭവന നിർമ്മാണ ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നത്. ജാതി, വരുമാന, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഭവനനിർമ്മാണ ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നീ രേഖകൾ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ